<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4414

28.06.2012- ലെ
മറുപടിക്ക്

# <u>കയർ മേഖലയുടെ വികസനത്തിനായി പദ്ധതികൾ</u>

| <u>ചോദ്യം</u><br><br>ശ്രീ.എ. കെ. ബാലൻ | <u>ഉത്തരം</u><br><br>ശ്രീ. അടൂർ പ്രകാശ്<br><u>(റവന്യൂവും കയറും വകുപ്പ് മന്ത്രി)</u> |
|---|---|
| (എ)കയർ മേഖലയുടെ വികസന പദ്ധതികളിൽ ഓരോ പദ്ധതിയുടെയും സവിശേഷതകളും ഇതിനായി നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് തുകയും വ്യക്തമാക്കുമോ ; | കയർ മേഖലയുടെ വികസന പദ്ധതികളുടെ സവിശേഷതകളും ഇതിനായി നീക്കിവച്ചിട്ടുള്ള ബഡ്ജറ്റ് തുകയേയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) ***<u>വിപണനം, പ്രചരണ പരിപാടികൾ, വ്യാപാര മേളകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം</u>***<br><br>കയർ മേഖലയുടെ സമഗ്രവികസനത്തിനായി വിപണി ശക്തിപ്പെടുത്തുക, മേഖലയുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക ഇവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം - ബഡ്ജറ്റ് വിഹിതം - 300.00 ലക്ഷം രൂപ<br>2) ***<u>കയറും കയറുല്പന്നങ്ങളുടേയും വിൽപ്പനക്കുള്ള വിപണി വികസന സഹായം (MDA) (50% സംസ്ഥാന വിഹിതം)</u>***<br><br>ഭാരത സർക്കാർ നൽകിവന്ന റിബേറ്റിനു പകരം കയറിന്റേയും കയറുല്പന്നങ്ങളുടേയും വാർഷിക വില്പനയുടെ (3 വർഷത്തെ വില്പനയുടെ ശരാശരി) 10% തുക വിപണന വികസന സഹായമായി നൽകുന്നു. വിപണന വികസന ധനസഹായമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിൽ വഹിക്കുന്നു. കയറിന്റേയും കയറുല്പന്നങ്ങളുടേയും വില്പന പ്രോത്സാഹിപ്പിക്കുന്നതിനും വിപണി വികസന പരിപാടികൾക്കും മറ്റും വ്യവസ്ഥകൾ പ്രകാരം ഈ തുക വിനിയോഗിക്കാവുന്നതാണ്.<br>- **ബഡ്ജറ്റ് വിഹിതം - 400.00 ലക്ഷം രൂപ** (സംസ്ഥാന വിഹിതം)<br><br>3) ***<u>കയർ ഭൂവസ്ത്ര വികസന പരിപാടി</u>***<br><br>കയർ ഭൂവസ്ത്രം ഒരു സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി ഉറപ്പെടുത്തിക്കൊണ്ട് ഗവേഷണ വികസനം ശക്തിപ്പെടുത്തുന്നതിനും വിപണി വികസന |

സഹായ പാക്കേജിലെ പ്രത്യേക ഉല്പന്നങ്ങൾക്ക് വിപണന ഉദ്യമത്തിനും ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യമാണ് കയർ ഭൂവസ്ത്ര വികസന പരിപാടിയിൽ ഉദ്ദേശിക്കുന്നത്.
- ബഡ്ജറ്റ് വിഹിതം - 30.00 ലക്ഷം രൂപ

4) ***<u>കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ്</u>***

വൈവിധ്യമാർന്ന മൂല്യവർദ്ധിത കയറുല്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്നതിനും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കയർ മേഖലയുടെ മൊത്തത്തിലുള്ള അഭിവൃദ്ധിക്കുമുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുമായി ഈ പദ്ധതി ലക്ഷ്യമിടുന്നു.
- ബഡ്ജറ്റ് വിഹിതം - 300.00 ലക്ഷം രൂപ

5) ***<u>കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ</u>***

നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ ആധുനികവൽക്കരണം/വിപുലീകരണം/ വൈവിദ്ധ്യവൽക്കരണം, പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി കയർ മേഖലയിലെ ചെറുകിട ഉൽപ്പാദകർ, ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് വ്യവസ്ഥകൾ പ്രകാരം 50 ശതമാനം വരെ മാർജിൻമണി വായ്പയായി നൽകുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നു.
- ബഡ്ജറ്റ് വിഹിതം - 10.00 ലക്ഷം രൂപ

6) ***<u>കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവല്ക്കരണം</u>***

കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും, ആധുനികവൽക്കരിക്കുന്നതും, വിപുലീകരിക്കുന്നതും വൈവിദ്ധ്യവൽക്കരിക്കുന്നതും, പുന:സംഘടിപ്പിക്കുന്നതും, പുനരുജ്ജീവിപ്പിക്കുന്നതുമായ യൂണിറ്റുകൾക്ക്/ഫാക്ടറികൾക്ക് ഈ പദ്ധതി പ്രകാരം പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും, ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും, വൈവിദ്ധ്യവൽക്കരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും, വിപുലീകരിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും, നാളികേര തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനും, കയർ സഹകരണ സംഘങ്ങളുടെ വിവിധ പുനരുജ്ജീവന പരിപാടികൾക്കും, കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ പൂർത്തീകരണത്തിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഈ

| | |
|---|---|
| | പദ്ധതികൊ ണ്ട് ലക്ഷ്യമിടുന്നു.<br>- ബഡ്ജറ്റ് വിഹിതം - 5,600.00 ലക്ഷം രൂപ<br><br>7) ***പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും***<br><br>കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിച്ച് വകുപ്പിന്റെ ആധുനികവൽക്കരണം, സോഫ്റ്റുവെയർ, വെബ്സൈറ്റ് നിലനിർത്തൽ മറ്റ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കും, സംഘങ്ങളിൽ നല്ല ഭരണം നടത്തുന്നതിനു-ൾപ്പെടുയുള്ള പരിശീലന പദ്ധതികളും ഇതിൽ വിഭാവനം ചെയ്തിരിക്കുന്നു.<br>- ബഡ്ജറ്റ് വിഹിതം - 100.00 ലക്ഷം രൂപ<br><br>8) ***ഉല്പ്പാദനവും വിപണന പ്രചോദനവും ( Production and Marketing Incentive - PMI)***<br><br>കയർ മേഖലയിൽ കയറുല്പന്നങ്ങളുടെ സ്ഥിരമായ ഉൽപ്പാദനം നിലനിർത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക, ഉത്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുക അതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പൊതുമേഖലാ സംരംഭങ്ങളായ കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്, കയർഫെഡ്, മാറ്റ്സ്& മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ, പ്രാഥമിക കയർ സഹകരണ സംഘങ്ങൾ എന്നിവ വഴി കയറിന്റേയും റബ്ബർ അധിഷ്ഠിത കയർ ഉൽപ്പന്നങ്ങളും കയർ ഭൂവസ്ത്രങ്ങൾ ഉൾപ്പെടെയുള്ള കയറുല്പന്നങ്ങളുടേയും ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കു-ന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.<br>- ബഡ്ജറ്റ് വിഹിതം - 300.00 ലക്ഷം രൂപ<br><br>9) ***വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്***<br><br>കയറുല്പന്നങ്ങളുടേയും യാണിന്റേയും തിരിയുടേയും വില സ്ഥിരതയ്ക്കു വേണ്ടിയും വിലവ്യതിയാനം പരിഹരിക്കുന്നതിനു പദ്ധതി ലക്ഷ്യമിടുന്നു. ഉൽപ്പാദനചെലവിന് അനുസൃതമായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും / ഉൽപ്പാദിപ്പിക്കുന്നതിനും കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോള വിലയ്ക്ക് വില്ക്കുമ്പോഴുണ്ട ാകുന്ന നഷ്ടം പരിഹരിക്കു ന്നതിനും പദ്ധതികൊ ണ്ട് ഉദ്ദേശിക്കുന്നു.<br>- ബഡ്ജറ്റ് വിഹിതം - 2,400.00 ലക്ഷം രൂപ<br><br>10) ***കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/മാർക്കറ്റിംഗ് കമ്പനി***<br><br>കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കയർഫെഡ്, കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, സ്വകാര്യ സംരംഭകർ തുടങ്ങി എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും നിക്ഷേപങ്ങൾ |

| | |
|---|---|
| | ഉപയോഗിച്ചുകൊണ്ട് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം സ്ഥാപിക്കുന്നു.<br>**- ബഡ്ജറ്റ് വിഹിതം - 200.00 ലക്ഷം രൂപ**<br>*11)* ***<u>കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം</u>***<br><br>കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.<br>**- ബഡ്ജറ്റ് വിഹിതം - 50.00 ലക്ഷം രൂപ**<br><br>12) ***<u>കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി</u>***<br>കയർബോർഡ്, ആലപ്പുഴ കയർ ക്ലസ്റ്റർ വികസന സംഘവും കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു. സംസ്ഥാന വിഹിതം നൽകുന്നതിനാണ് ബഡ്ജറ്റ് വിഹിതം ഉപയോഗിക്കുന്നത്.<br>**- ബഡ്ജറ്റ് വിഹിതം - 300.00 ലക്ഷം രൂപ**<br><br>*13)* ***<u>കയർ ഭവൻ കെട്ടിട നിർമ്മാണം</u>***<br><br>കയർ മേഖലയിലെ എല്ലാ സ്ഥാപനങ്ങൾക്കും ലയ്സൺ ഓഫീസും എംബോറിയവും കൂടി ഉൾപ്പെടുത്തി കയർ ഡയറക്ടറേറ്റിന്റെ പഴയ കെട്ടിടം നിൽക്കുന്ന സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. നേരത്തെ നൽകിയ തുക വച്ച് പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>**- ബഡ്ജറ്റ് വിഹിതം - 80.00 ലക്ഷം രൂപ** |
| (ബി)ഈ പദ്ധതികളുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കമോ ? | (ബി) മേൽ വിവരിച്ച പദ്ധതികളുടെ നടത്തിപ്പിനായി 2012-2013 ൽ ആകെ വകയിരുത്തിയിട്ടുള്ളത് 104070.00 ലക്ഷം രൂപയാണ്. ഇതിൽ 4 കോടി രൂപ കേന്ദ്ര വിഹിതമാണ്. ഇതിനകം 319.74 ലക്ഷം രൂപ 31.05.2012 വരെ ചെലവഴിച്ചിട്ടുണ്ട്. എല്ലാ പദ്ധതികളും സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വളരെ വേഗത്തിൽ തന്നെ നടന്നുവരുന്നു. 31.05.2012 വരെ ഓരോ പദ്ധതിയിലും ചെലവായ തുകയുടെ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## PLAN PROGRESS REPORT (FINANCIAL AND PHYSICAL) AS ON 31 .5 .2012

IMPLEMENTING DEPARTMENT : COIR DEVELOPMENT DEPARTMENT

| Sl. No. | Name of Scheme with Head of Account | Final Appropriation | Expenditure upto previous month | Expenditure during the month | Progressive Total | % of Expenditure | Remarks / Physical Achievement |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | **A. STATE SECTOR SCHEMES** | | | | | | |
| 1 | **2851-00-106-95** Publicity Propaganda Including Trade Exhibitions | 30,000,000 | | | | | |
| 2 | **2851-00-106-92** Market Development Assistance for sale of coir and coir products (50% CSS) (400+400) | 40,000,000 | | | | | |
| 3 | **2851-00-106-67** Coir Geotextiles Development Programme | 3,000,000 | | | | | |
| 4 | **2851-00-106-75** Grant for Centres of Research and Development in Coir Technology | 30,000,000 | | | | | |
| 5 | **2851-00-106-62** Regulated Mechanisation of Coir Industry | 560,000,000 | | 1143831 | 1143831 | 0.20% | 1 CVCS |
| 6 | **2851-00-106-61** Training and Management Improvement | 10,000,000 | | 35969 | 35969 | 0.36% | 1 Department |
| 7 | **2851-00-106-54** Production and Marketing Incentive (PMI) | 30,000,000 | 794145 | | 794145 | 2.65% | 2 CM& MCS and 6 Co-operative Societies |
| 8 | **2851-00-106-34** Price Fluctuation Fund | 240,000,000 | 30000000 | | 30000000 | 12.50% | Coirfed |
| 9 | **2851-00-106-32** Kerala Coir Marketing consortium / Marketing C | 20,000,000 | | | | | |

| Sl. No. | Name of Scheme with Head of Account | Final Appropriation | Expenditure upto previous month | Expenditure during the month | Progressive Total | % of Expenditure | Remarks / Physical Achievement |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 10 | **2851-00-106-31** Cluster development programme in coir sector | 30,000,000 | | | | | |
| 11 | **4851-00-106-98** Construction of building for Coir Bhavan | 8,000,000 | | | | | |
| 12 | **4851-00-195-62** Govt. Share participation of coir Co-operatives | 5,000,000 | | | | | |
| 13 | **6851-00-106-89** Margin Money Loan to Entrepreneurs | 1,000,000 | | | | | |
| | **TOTAL (X)** | **1007000000** | **30794145** | **1179800** | **31973945** | **3.18%** | |
| | **B. CENTRAL SECTOR SCHEMES (50% CSS)** | | | | | | |
| 2 | **2851-00-106-92** Market Development Assistance for the sale of Coir and Coir Products (50% CSS) CENTRAL SHARE | 40000000 | | | | | |
| | **CENTRAL SHARE TOTAL (Y)** | **40000000** | | | | | |
| | **Grand Total (X + Y)** | **1047000000** | **30794145** | **1179800** | **31973945** | **3.05%** | |

Section Officer